## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T 4548

28.06.2013 - ൽ മറുപടിക്ക്

## ബി.പി.എൽ. കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ. ഗുരുദാസൻ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) ബി.പി.എൽ. കുടുംബാംഗ-ങ്ങളായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പ പലിശ ഇളവിനായി 2012-13 ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇതിൽ എത്ര തുക 2012-13 ൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;<br><br>(സി) ഈ ഇനത്തിൽ അനുവദിച്ച തുക, ചെലവഴിക്കുന്നതിനായി അലോട്ട് ചെയ്ത തീയതിക്കു മുമ്പു തന്നെ തിരിച്ചടയ്ക്കണ-മെന്നാവശ്യപ്പെട്ട് ഉത്തര-വിറക്കിയിരുന്നോ; വിശദാംശം നൽകുമോ? | (എ)<br>(ബി)<br>(സി)<br>2004-2009 കാലഘട്ടത്തിൽ ബി.പി.എൽ. വിഭാഗത്തിൽ നിന്ന് വിദ്യാഭ്യാസ വായ്പയെടുത്തവർക്ക് പലിശ സബ്സിഡി ഏറ്റെടുക്കുന്നതിനായി അഞ്ച് കോടി രൂപ നീക്കിവയ്ക്കുന്നതായി 2012-13 -ലെ ബഹു. ധനകാര്യ മന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. തുടർന്ന് 2012 ജൂലൈ മാസത്തെ സപ്ലിമെന്ററി ഡിമാൻഡ്സ് ഓഫ് ഗ്രാന്റിൽ ഈ ആവശ്യത്തിലേയ്ക്കായി ടോക്കൺ പ്രൊവിഷനായി ആയിരം രൂപ വകയിരുത്തി 2202-03-800-47 (പ്ലാൻ) ആയി ബജറ്റ് ശീർഷകം തുറന്നു. വിവിധ ജില്ലകളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ, 2012-13 വർഷത്തേയ്ക്ക് പലിശ സബ്സിഡിക്കായി 5 കോടി രൂപ ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ അനുവദിക്കുവാൻ ധനകാര്യ വകുപ്പുമായി ആലോചിച്ച് |

തീരുമാനിച്ചതനുസരിച്ച് ഈ തുക വിവിധ ജില്ലകൾക്കായി അനുവദിക്കുവാനുള്ള നടപടി 2013 മാർച്ച് 27 –ന് സ്വീകരിച്ചിരുന്നു. 2013 മാർച്ച് 27 –ന് ശേഷം 2012–13 സാമ്പത്തിക വർഷത്തിലെ പ്രവൃത്തി ദിവസങ്ങൾ കുറവായതുകൊണ്ടും, നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ കൂടുതൽ സമയം ആവശ്യമാണെന്നതുകൊണ്ടും ഈ തുക വിനിയോഗിക്കുവാൻ ജില്ലാ പ്ലാനിംഗ് ഓഫീസർമാർ കൂടുതൽ സമയം ആവശ്യപ്പെട്ടു. വിവിധ ജില്ലകൾക്ക് അനുവദിച്ച തുക അതാതു ജില്ലാ കളക്ടർമാരുടെ പലിശ രഹിത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അനുമതി ലഭിച്ചില്ല. അതിനാൽ പ്രസ്തുത ചെലവ് 2013–14 വർഷത്തേയ്ക്ക് മാറ്റിവയ്ക്കുവാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ജില്ലകൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷത്തേക്ക് 5 കോടി രൂപ അനുവദിക്കുവാനുള്ള നിർദ്ദേശം പൂർണ്ണമായി പിൻവലിക്കുകയാണുണ്ടായത്. ഈ സാഹചര്യത്തിൽ 2012–13 –ൽ ഈയിനത്തിൽ തുകയൊന്നും വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ